ആവശ്യമായി വരുന്ന പി.എസ്.സി. പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി ഇപ്പോൾ രാമനാട്ടുകര പെരുവയൽ, കല്ലംതോട് എന്നിവിടങ്ങളിൽ 3 പോൾകാസ്റ്റിംഗ് യാർഡുകളിലെ കരാറുകാരുമായി പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. അതിനാൽ കോഴിക്കോട് ജില്ലയിൽ വീണ്ടും ഒരു പോൾ കാസ്റ്റിംഗ് യാർഡു കൂടി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

വൈപ്പിനിലെ താപവൈദ്യുതി നിലയം

121 (346) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് മലേഷ്യയിലെ സിയാസിൽ കമ്പനിയുമായി ധാരണപത്രം ഒപ്പുവച്ചിരുന്നുവോ ;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക-സാമ്പത്തിക അനുമതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് സിയാസിൽ ട്രേഡിംഗ് ആന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 600 മെഗാവാട്ട് വരുന്ന ആദ്യഘട്ടത്തിന് സാങ്കേതിക സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്.

(സി) അന്തിമ വൈദ്യുതി വാങ്ങൽ കരാർ, എസ്ക്രോ നിബന്ധനകൾ, ഇന്ധനം വാങ്ങൽ, ഫൈനാൻഷ്യൽ ക്ലോഷൻ തുടങ്ങി വിവിധ സാങ്കേതിക ഘടകങ്ങളെ സംബന്ധിച്ച് അന്തിമ തീരുമാനമാകേണ്ടതുണ്ട്.

തലശ്ശേരി ക്യാൻസർ ആശുപത്രിയുടെ നിർമ്മാണച്ചെലവ്

122 (347) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ആരംഭിച്ച ക്യാൻസർ ആശുപത്രിയുടെ മൊത്തം എസ്റ്റിമേറ്റ് എത്ര രൂപയാണെന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ക്യാൻസർ ആശുപത്രിയും അനുബന്ധപദ്ധതികൾക്കും വേണ്ടി എസ്.എൻ.സി. ലാവ്‌ലിൻ എത്ര തുകയാണ് വാഗ്ദാനം നൽകിയിട്ടുള്ളത് ; ഇതിൽ എത്ര രൂപ ഇതിനകം നൽകി ; ബാക്കി തുക നൽകാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly